പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2858 **29-10-2026-ൽ മറുപടിയ്ക്ക്**

കുന്നത്തൂർ മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കാരാളിമുക്ക് -റെയിൽവേ സ്റ്റേഷൻ - കുറ്റിയിൽമുക്ക് റോഡ്, ആഞ്ഞിലിമൂട്-മൂതോട്ടിൽ -പൈപ്പ് റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിലുള്ള പ്രസ്തുത റോഡിന്റെ കാരാളിമുക്ക് റെയിൽവേ സ്റ്റേഷൻ - കുറ്റിയിൽമുക്ക് ഭാഗം വരെയുള്ള 1300 മീറ്റർ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നവകേരള സദസ്സിൽ ഉൾപ്പെടുത്തി 2 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തിയുടെ നിർവഹണ ചുമതല PWD-യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി നിരവധി തവണ (9 തവണ) ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ ഏറ്റെടുത്തില്ല. ആയതിനാൽ ടി എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

(ബി) കാരാളിമുക്ക് -റെയിൽവേ സ്റ്റേഷൻ റോഡ് ശബരിമല സീസണിലെ റോഡ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: ശബരിമല സീസണിലെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ